# കാൺപൂർ ബോംബ് കാണാത്ത മീഡിയ

**'എപ്പോൾ** സ്ഫോടനം നടന്നാലും അന്വേഷണ ഏജൻസികളും മാധ്യമങ്ങളും തെളിവൊന്നുമില്ലാതെ തന്നെ മുസ്‌ലിംസംഘടനകളെ പഴിചാരുന്നു. നൂറു കണക്കിന് നിരപരാധികളായ ചെറുപ്പക്കാരെ പിടികൂടുന്നു. നിയമവിരുദ്ധമായി തടവിൽവെച്ച് പീഡിപ്പിക്കുന്നു. വെള്ളക്കടലാസിൽ ഒപ്പിട്ടു വാങ്ങുന്നു... ഈ അവസ്ഥയും ന്യൂനപക്ഷ സമുദായത്തെയാകെ കരിവാരി തേക്കുന്നതും നിർബാധം നടന്നുവരുന്നു.'


ദൽഹിയിൽ ഉണ്ടായ സ്ഫോടനങ്ങളുടെ പശ്ചാത്തലത്തിൽ പ്രമുഖ സാമൂഹിക പ്രവർത്തകരായ ശബ്നം ഹശ്മിയും രാം പുനിയാനിയും ചേർന്ന് പ്രധാനമന്ത്രിക്ക് നൽകിയ കത്തിലെ വരികളാണിത്. രാജ്യത്ത് സ്ഫോടന പരമ്പരകൾ അരങ്ങേറുമ്പോൾ നേരത്തേ തയാറാക്കിയ 'സിമി ബന്ധം' ആവർത്തിച്ചുകൊണ്ടിരിക്കുക എന്നത് മാത്രമാണ് അന്വേഷണ ഉദ്യോഗസ്ഥർ ചെയ്യുന്നത്. എല്ലാ സാധ്യതകളും പരിശോധിക്കുക എന്ന അന്വേഷണത്തിന്റെ പ്രാഥമിക തത്ത്വം വിസ്മരിക്കപ്പെടുന്നു. ഈ ഘട്ടത്തിലാണ് മാധ്യമങ്ങൾ അവയുടെ ചുമതല നിറവേറ്റേണ്ടത്. അവ അത് നിർവഹിക്കുന്നില്ലെന്നു മാത്രമല്ല, അന്വേഷണ ഉദ്യോഗസ്ഥരുടെ 'കണ്ടെത്തലുകൾ' പൊലിപ്പിച്ച് അവതരിപ്പിക്കാൻ മത്സരിക്കുകയുമാണ്.

2004-ൽ ഗുജറാത്ത് മുഖ്യമന്ത്രി നരേന്ദ്ര മോഡിയെ വധിക്കാനെത്തിയവരെന്നാരോപിച്ച് ഒരു കോളേജ് വിദ്യാർഥിനിയടക്കം നാലു പേരെ ഗുജറാത്ത് പോലീസ് വെടിവെച്ചു കൊന്നു. വ്യാജ ഏറ്റുമുട്ടലിന് കുപ്രസിദ്ധി നേടിയ ഗുജറാത്തിൽനിന്ന് വന്ന ഈ വാർത്തയുടെ വിശ്വാസ്യത എത്രയുണ്ടാവുമെന്ന് ആർക്കും ഊഹിക്കാവുന്നതേയുള്ളൂ. എന്നാൽ കേരളത്തിലെ പ്രമുഖ പത്രങ്ങൾ ഇത് വൻ പ്രാധാന്യത്തോടെ അച്ചടിച്ചുവിട്ടു. നാടകത്തിന്റെ ചുരുളഴിഞ്ഞപ്പോൾ പിറ്റേന്ന് തന്നെ ഇത് പോലീസ് കെട്ടിച്ചമച്ച കഥയാണെന്ന് പത്രങ്ങൾക്ക് തിരുത്തിയെഴുതേണ്ടിവന്നു. അഹ്മദാബാദ് ബോംബ് സ്ഫോടനത്തിന്റെ പശ്ചാത്തലത്തിൽ ഗുജറാത്ത് പോലീസ് കണ്ടെത്തിയ 'സിമി ബന്ധം' ഇതുപോലെ തന്നെ ഇവിടെയും പോലീസ്ഭാഷ്യത്തെ വേദവാക്യം പോലെ അവതരിപ്പിക്കുകയായിരുന്നു മാധ്യമങ്ങൾ. ഇല്ലാത്ത സംഘടനയുടെ പേരിൽ സ്ഫോടനങ്ങൾ ആരോപിക്കപ്പെട്ടപ്പോൾ സ്ഫോടനം നടത്തിയ യഥാർഥ പ്രതികൾ രക്ഷപ്പെടുകയായിരുന്നുവെന്ന് മൂന്നു മാസത്തെ അന്വേഷണങ്ങൾക്കൊടുവിൽ തെഹൽക കണ്ടെത്തിയത് മാധ്യമങ്ങൾക്ക് മാതൃകയാവേണ്ടതാണ്.

2006-ൽ മഹാരാഷ്ട്രയിലെ നന്ദേഡിലും, കഴിഞ്ഞ മാസം കാൺപൂരിലും ബോംബ് നിർമിക്കുന്നതിനിടെ ബജ്റംഗ്ദളുകാർ കൊല്ലപ്പെട്ടത് മാധ്യമങ്ങളിൽ ചർച്ചയാവേണ്ടതായിരുന്നു. അതുണ്ടായില്ല എന്നു മാത്രമല്ല, കേസ് അട്ടിമറിക്കപ്പെടുകയും ചെയ്തു. ഒരു പ്രത്യേക സമുദായം മാത്രമേ ബോംബ് നിർമാണത്തിലും സ്ഫോടനത്തിലും പങ്കാളികളാവൂ എന്ന പൊതുധാരണ അന്വേഷണ ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങളെ സ്വാധീനിച്ചിട്ടുണ്ടാവുമെന്നാണ് ടീസ്റ്റ സെറ്റൽവാദ് ഇതിനെ കുറിച്ച് എഴുതിയത്. ഈ പൊതുധാരണ നമ്മുടെ മാധ്യമ പ്രവർത്തകരെയും സ്വാധീനിച്ചിട്ടുണ്ടോ എന്ന് തിരിച്ചറിയണം. കർണാടകയിലെ ഹൂബ്ലി വനത്തിൽ ഒരു ദർഗയുടെ പച്ചക്കൊടി കണ്ടപ്പോൾ അത് പാക് പരിശീലന കേന്ദ്രമാണെന്ന് പത്രപ്രവർത്തകർക്ക് തോന്നുന്നത് ഇതുകൊണ്ടാണ്.

**അൻവർ സാദത്ത് കുന്ദമംഗലം**

## കത്തുകൾ



## പ്രതിക്കൂട്ടിൽ നിൽക്കേണ്ടത് മതമല്ല

**യഥാർഥ** മതവിശ്വാസിയെ സംബന്ധിച്ചേടത്തോളം സ്വമതക്കാരനും അന്യമതക്കാരനുമെല്ലാം ദൈവത്തിന്റെ സൃഷ്ടികളാണ്. അതുകൊണ്ട് തന്റെ ധനവും സുഖസൗകര്യങ്ങളും മനുഷ്യർക്ക് പങ്കുവെക്കുന്നത് പുണ്യമായാണ് അവൻ കരുതുക. അതേയവസരം, മതമില്ലാത്തവനെ സംബന്ധിച്ചേടത്തോളം, തന്റെ സമ്പാദ്യവും സുഖസൗകര്യങ്ങളും കവരാൻ വരുന്ന ഇത്തിക്കണ്ണികളാണ് മറ്റുള്ളവർ. മറിച്ച് ചിന്തിക്കാനുള്ള ഉത്തമ ഗുണപാഠങ്ങളൊന്നും ദൈവനിഷേധമെന്ന മതം അവനെ പഠിപ്പിക്കുന്നില്ല. മനുഷ്യരെ വർഗങ്ങളായി വിഭജിക്കാനും ഇതര വർഗത്തെ ശത്രുക്കളായി കാണാനുമാണ് വർഗസിദ്ധാന്തം പഠിപ്പിക്കുന്നത്.

ദൈവനിഷേധികളായ പലരും ഉത്തമമനുഷ്യരായിരുന്നില്ലേയെന്ന് സ്വാഭാവികമായും ചോദിക്കാം. തീർച്ചയായും ഉണ്ടായിട്ടുണ്ട് എന്നാണുത്തരം. എം.സി ജോസഫിനെ പോലെയുള്ള യുക്തിവാദികളും ഇ.എം.എസ്സിനെപോലെയുള്ള നാസ്തികരും ഉത്തമ ഉദാഹരണങ്ങളാണ്. അതു പക്ഷേ, അവർ ജനിച്ചുവളർന്ന സമൂഹത്തിൽനിന്നും കുടുംബത്തിൽനിന്നും അവരിൽ വേരുറച്ച മാനുഷികമൂല്യങ്ങളുടെ ഫലമായാണ്. സമൂഹത്തിൽ കാണുന്ന നന്മകൾ മതവിശ്വാസത്തിന്റെ സദ്ഫലങ്ങളാണ്. ഗാന്ധിജിയെ ധർമബോധമുള്ള രാഷ്ട്രീയക്കാരനാക്കിയത് അദ്ദേഹത്തിന്റെ അടിയുറച്ച മതവിശ്വാസമായിരുന്നു. നെഹ്റു ഒരു മതത്തിന്റെയും വക്താവായിരുന്നില്ലെങ്കിലും, ഇന്ത്യയുടെ മതാത്മകതയിൽനിന്ന് മൂല്യങ്ങൾ ഉൾക്കൊണ്ട സവിശേഷ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു.

മതമാണ് കുഴപ്പകാരണമെന്ന് വാദത്തിനു വേണ്ടി സമ്മതിച്ചാൽതന്നെ മറ്റൊരു സംശയം ഉയർന്നുവരുന്നു. മതമില്ലാത്തവരുടെ/ ദൈവനിഷേധികളുടെ/യുക്തിവാദികളുടെ സമൂഹത്തിൽ ഒരു കുഴപ്പവും ഉണ്ടാകാൻ പാടില്ലല്ലോ. എന്നാൽ, അങ്ങനെയാണോ അനുഭവം? ദൈവനിഷേധികളും മതമില്ലാത്തവരും തമ്മിലടിക്കുന്നതും വെട്ടിക്കൊലപ്പെടുത്തുന്നതും എന്തുകൊണ്ട്? തർക്കങ്ങളും ഊരുവിലക്കുകളും തമ്മിൽ കണ്ടുകൂടായ്മകളും എന്തുകൊണ്ട്? ഒന്നും രണ്ടും ലോകയുദ്ധങ്ങൾ എന്തുകൊണ്ടുണ്ടായി? മതമില്ലാത്തവരുടെ നിഷ്ഠുര കൃത്യങ്ങളായിരുന്നുവല്ലോ രണ്ട് ലോകയുദ്ധങ്ങളും. അവ വരുത്തിവെച്ച ദുരിതങ്ങൾക്കും വിനാശങ്ങൾക്കും തുല്യമായി മറ്റെന്തുണ്ട്?

ഏതു മത സമുദായത്തിലും അധമരായ മനുഷ്യരുണ്ട്. മതസമുദായത്തിൽ ജനിച്ചു എന്നതു മാത്രമാണ് മതവുമായി അവർക്കുള്ള ബന്ധം. മതത്തെക്കുറിച്ച് അവർ ഒന്നും വായിക്കുകയോ പഠിക്കുകയോ ചെയ്തിട്ടുണ്ടാവില്ല. സാമൂഹികവിരുദ്ധരായി വളർന്നുവന്ന അത്തരക്കാരുടെ ദുഷ്ചെയ്തികൾ മതത്തിന്റെ കണക്കിൽ വരവു വെക്കുന്ന രാഷ്ട്രീയക്കാരന്റെ ദുഷ്ടലാക്കാണ് അപകടകരം. പാഠപുസ്തകത്തിന്റെ മറവിൽ പ്രവർത്തിച്ചത് ഈ ദുഷ്ടബുദ്ധിയാണ്. അവർ മതത്തെ ആഴത്തിൽ പഠിക്കട്ടെ. അപ്പോഴറിയാം മതമാണ് മനുഷ്യമനസ്സിന് ശാന്തിയരുളുന്ന യഥാർഥ ശക്തിസ്രോതസ്സെന്ന്.

**കെ.പി ഇസ്മാഈൽ കണ്ണൂർ**